Lalith Babu

**ഒരു പൊതു അധികാരിയുടെ വിഭവശേഷിയെ പ്രതികൂലമായി ബാധിക്കുന്ന വിവരമാണ് വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്നതെങ്കിൽ ആ വിവരം അതേ രീതിയിൽ നൽകാതെ വകുപ്പ് 2(j) അനുസരിച്ച് വിവരങ്ങൾ സ്വായത്തമാക്കാൻ അപേക്ഷകന് അനുവാദം നൽകാവുന്നതാണ്**

പരാതിക്കാരൻ ആവശ്യപ്പെട്ടിരുന്ന, ബസുകളുടെ വിവരം, തന്റെ ഓഫീസിലുള്ള 400-ഓളം ബസുകളുടെ 400-ഓളം ഫയലുകൾ പരിശോധിച്ച് കണ്ട് എടുക്കേണ്ടവയായിരുന്നു എന്നും യഥാർത്ഥത്തിൽ ബസുകളുടെ ടൈം ഷെഡ്യൂൾ ആണ് പരാതിക്കാരൻ ആവശ്യപ്പെട്ടിരുന്നത് എന്നും പബ്ളിക് ഇൻഫർമേഷൻ ഓഫീസർ പറഞ്ഞു.

വിവരാവകാശ നിയമം വകുപ്പ് 7(9) അനുസരിച്ച് ഒരു പൊതു അധികാരിയുടെ വിഭവശേഷിയെ പ്രതികൂലമായി ബാധിക്കുന്ന വിവരമാണ് ആവശ്യപ്പെടുന്നതെങ്കിൽ ആ വിവരം ആവശ്യപ്പെട്ട അതേ രീതിയിൽ നൽകാൻ കഴിയില്ല എന്ന് കമ്മീഷൻ കാണുന്നു. എന്നാൽ അപേക്ഷകന് ആ വിവരം നൽകാതിരിക്കാനും കഴിയില്ല. അതുകൊണ്ട് അത്തരം സന്ദർഭങ്ങളിൽ വിവരാവകാശ നിയമം 2(ജെ) അനുസരിച്ച് വിവരങ്ങൾ സ്വായത്തമാക്കുന്നതിന് രേഖകൾ പരിശോധിക്കാനുള്ള അവസരം അപേക്ഷകന് നൽകേണ്ടതാണ്. ഈ കേസിൽ വളരെ വിപുലമായ വിവരമാണ് പരാതിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് കമ്മീഷൻ കാണുന്നു. ആയതിനാൽ ഇന്നു മുതൽ 7 ദിവസത്തിനകം പരാതിക്കാരനും, പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്കും സൗകര്യപ്രദമായ ഒരു ദിവസത്തിലും, സമയത്തിലും പരാതിക്കാരന് അദ്ദേഹം ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ രേഖകൾ/ഫയലുകൾ സൗജന്യമായി പരിശോധിക്കാനും, ആവശ്യമുള്ള ഭാഗങ്ങൾ എഴുതി എടുക്കുവാനുമുള്ള അവസരം പബ്ളിക് ഇൻഫർമേഷൻ ഓഫീസർ നൽകണം എന്ന് കമ്മീഷൻ ഉത്തരവാകുന്നു. വിവരാവകാശ പ്രകാരമുള്ള അപേക്ഷകളും, കത്തുകളും കൈകാര്യം ചെയ്യുന്ന കാര്യത്തിൽ പബ്ളിക് ഇൻഫർമേഷൻ ഓഫീസർ അല്പം കൂടി ശ്രദ്ധിക്കണം എന്നും കമ്മീഷൻ താക്കീതു നൽകുന്നു.

ഈ കേസ് ഇപ്രകാരം തീർപ്പാകുന്നു.

ഇന്നേ ദിവസം 2010 ഒക്ടോബർ മാസം 19-ാം തീയതി ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു.